I ഇ.ബി. XIV - കേരള നിയമസഭ /XI-5

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 08, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയനോട്ടീസ്**

അപകീർത്തികരമായ പ്രസ്താവന പിൻവലിക്കൽ

മി. സ്പീക്കർ: 2018 ജൂൺ 7-ാം തീയതി നിയമസഭയിൽ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി നൽകവേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷാംഗങ്ങൾക്കെതിരെ നടത്തിയ അടിസ്ഥാനരഹിതവും അപകീർത്തികരവുമായ പരാമർശം പിൻവലിക്കാത്ത നടപടിമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ടി. തോമസ്, കെ.എൻ.എ. ഖാദർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഇന്നലെ അടിയന്തരപ്രമേയ നോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ അപമാനകരവും അപകീർത്തികരവുമായതിനാൽ അവ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ കത്ത് ചെയർ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സഭാനടപടികളുടെ ഭാഗമായി മന്ത്രിമാരും അംഗങ്ങളും നടത്തുന്ന പരാമർശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമരാഹിത്യം ശ്രദ്ധയിൽപ്പെടുന്നപക്ഷം തത്സമയമോ അതിനുശേഷമോ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തി റൂളിംഗ് ആവശ്യപ്പെടുകയെന്ന കീഴ്‌വഴക്കത്തിനു വിരുദ്ധമായി അതേ വിഷയത്തിന്മേൽ ചെയർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസും ആയതിന്മേൽ ചർച്ച നടത്തണമെന്ന ആവശ്യവും പരിഗണിക്കാൻ നിർവ്വാഹമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരള നിയമസഭയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം ആദ്യമാണ്. പ്രതിപക്ഷ എം.എൽ.എ.മാർ തീവ്രവാദികളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്നും തീവ്രവാദത്തെ പിന്തുണയ്ക്കുന്നുവെന്നുമുള്ള ഗുരുതരമായ ആരോപണമാണ് മുഖ്യമന്ത്രി

ഉന്നയിച്ചിരിക്കുന്നത്. ആലുവയെക്കുറിച്ച് അദ്ദേഹം നടത്തിയ പ്രസ്താവന അപലപനീയവും ആലുവക്കാരെ അവഹേളിക്കലുമാണ്. ഇക്കാര്യം അടിയന്തരപ്രമേയത്തിലൂടെ അവതരിപ്പിക്കാനുള്ള പ്രതിപക്ഷാംഗങ്ങളുടെ അവകാശം സംരക്ഷിക്കപ്പെടണം. സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി സഭയിൽ നടത്തിയ പദപ്രയോഗങ്ങൾ കേരള നിയമസഭയ്ക്കും സംസ്ഥാനത്തിനും അപമാനകരമാണ്. അടിയന്തരപ്രാധാന്യമുള്ള ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ചട്ടപ്രകാരം ഈ അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ച അനുവദിക്കാൻ സാധ്യമല്ല. പ്രതിപക്ഷാംഗങ്ങളും ആലുവക്കാരും തീവ്രവാദ ബന്ധമുള്ളവരാണെന്ന് മുഖ്യമന്ത്രി പ്രസ്താവന നടത്തിയെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പ്രതിപക്ഷ നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ നടത്തിയ പ്രസ്താവന ഖേദകരമാണ്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് അനുമതി നൽകേണ്ടതില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അടിയന്തരപ്രമേയ നോട്ടീസ് പരിഗണിക്കേണ്ട സാഹചര്യമില്ലെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിന്മേൽ മറുപടി നൽകാൻ സന്നദ്ധമാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രിയുടെ വിശദീകരണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രതിപക്ഷാംഗങ്ങൾ തീവ്രവാദബന്ധമുള്ളവരാണെന്നും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരാണെന്നും സഭയിൽ ഞാൻ പ്രസ്താവന നടത്തിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. ആലുവയിൽ പോലീസിനെ ആക്രമിച്ചവർക്ക് തീവ്രവാദ ബന്ധമുണ്ടെന്ന് വ്യക്തമായിട്ടും അക്കാര്യം പൊതുജനമധ്യത്തിൽ കൊണ്ടുവരാതെ അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രതിപക്ഷ ഇടപെടൽ നാടിന് ദോഷം ചെയ്യുമെന്ന കാര്യമാണ് ഞാൻ ഓർമ്മിപ്പിച്ചത്. ആലുവക്കാരെല്ലാം തീവ്രവാദികളാണെന്ന പ്രയോഗം ഞാൻ നടത്തിയിട്ടില്ല. നാടിന്റെ ഉന്നത സംസ്കാരത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ തുറന്നുകാട്ടുമ്പോൾ അതിനെതിരെ തെറ്റായ പ്രചരണം നടത്തുന്ന പ്രതിപക്ഷ നിലപാട് ശരിയല്ല.

## II ശ്രദ്ധക്ഷണിക്കൽ

<u>കനോലി കനാൽ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: കയ്യേറ്റങ്ങളെത്തുടർന്ന് കനോലി കനാൽ വീതികുറഞ്ഞ് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. സമീപ വീടുകളിൽനിന്നും വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽനിന്നും നേരിട്ട് മാലിന്യം കനാലിലേയ്ക്ക് ഒഴുക്കിവിടുന്നതുമൂലം അനുവദനീയമായ അളവിലും കൂടുതൽ വിഷാംശം കലർന്നിട്ടുണ്ടെന്ന് വിശദ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച് മാലിന്യമുക്തമാക്കാനും ശുദ്ധജല ലഭ്യതയും കാർഷികാഭിവൃദ്ധിയും ടൂറിസവും വികസിപ്പിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): തൃശ്ശൂർ ജില്ലയിലെ കാക്കാത്തുരുത്തി മുതൽ കോഴിക്കോട് ജില്ലയിലെ പയ്യോളി വരെ നീണ്ടുകിടക്കുന്ന കനോലി കനാലിന്റെ അധിക ഭാഗവും ദേശീയ ജലപാത III-ൽ ഉൾപ്പെടുന്നതാണ്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ്. ഇതിന്റെ വിശദമായ പഠനവും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി വരുന്നു. കനാൽ മലിനമാകുന്നതിന്റെ പ്രധാന കാരണം നഗര മാലിന്യങ്ങൾ ഓടകൾ വഴി കനാലിൽ എത്തിച്ചേരുന്നതാണ്. വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖര-ദ്രവ

മാലിന്യങ്ങൾ ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, കൃത്യമായ ഇടവേളകളിൽ കനാൽ വൃത്തിയാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. വാണിജ്യ സമുച്ചയങ്ങൾ, റെസ്റ്റോറന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിന ജലം പബ്ലിക് ഡ്രെയിനേജുകളിലൂടെ കനാലിലേയ്ക്ക് എത്തുന്നത് തടയാൻ സമീപ പ്രദേശങ്ങളിലെ എല്ലാ സ്ഥാപനങ്ങളിലും പ്രാഥമിക വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഏർപ്പെടുത്താൻ കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## III സബ്മിഷൻ

(1) കോസ്റ്റ് ഇൻഡക്സ്, എച്ച്.റ്റി.എ. എന്നിവ സംബന്ധിച്ച്

ശ്രീ. സി. കെ. ശശീന്ദ്രൻ: വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ്, എച്ച്.റ്റി.എ. എന്നിവയിൽ കുറവ് വരുത്തിയതുമൂലം ജില്ലയുടെ വികസന പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വയനാട് ജില്ലയിലെ ക്വാറികൾക്ക് പ്രവർത്തനാനുമതിയില്ലാത്ത സാഹചര്യത്തിൽ

നിർമ്മാണച്ചെലവിൽ വർദ്ധനവുണ്ടായതുമൂലം കരാറുകാർ ടെണ്ടറുകൾ സ്വീകരിക്കാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം  വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സിൽ കുറവ് വരുത്തിയിരിക്കുകയാണ്. നിലവിലെ  ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർ അധിക നിരക്ക് ക്വാട്ട് ചെയ്യുന്നത് അനുവദിക്കാൻ സാധിക്കില്ല. ലോക്കൽ മാർക്കറ്റ് റേറ്റ്, ഹിൽ ട്രാക്ക് അലവൻസ് എന്നിവ വയനാട് പോലുള്ള മലയോര പ്രദേശങ്ങൾക്കുകൂടി അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(2) ഹോസ്റ്റൽ നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: ആദിവാസി മേഖലയിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും തുടർപഠനത്തിനും താമസസൗകര്യത്തിനുമായി വെറ്റിലപ്പാറയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ചാലക്കുടി ഗേൾസ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിൽ കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ് മെൻ സൊസൈറ്റിയുടെ കീഴിലുള്ള 50 സെന്റ് സ്ഥലം ഹോസ്റ്റൽ നിർമ്മിക്കാൻ കണ്ടെത്തുകയും ആയത്

ലഭ്യമാക്കുന്നതിന് ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതും കെട്ടിടനിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. കെ. ദാസൻ: പയ്യോളി കടപ്പുറത്തിന് സമീപം കടൽക്ഷോഭത്തെത്തുടർന്ന് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പയ്യോളി കടപ്പുറത്തിന് സമീപം അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് നേവിയുടെ നേതൃത്വത്തിൽ കോസ്റ്റ് ഗാർഡിന്റെ കപ്പൽ രക്ഷാപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് മത്സ്യത്തൊഴിലാളികളെ കരയിലെത്തിക്കുന്നതാണ്.

(4) കുടിവെള്ളക്ഷാമം

ശ്രീ. ആർ. രാജേഷ്: തഴക്കര പഞ്ചായത്തിലും മാവേലിക്കര നഗരസഭയിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര-ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് 52.5 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും സർവ്വേ നടപടികൾക്കായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരികയാണ്.

(5) കർഷകരുടെ സബ്സിഡി ആനുകൂല്യങ്ങൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി: പാലക്കാട് ജില്ലയിലെ കർഷകർക്ക് വിവിധ പദ്ധതികൾ വഴി ലഭിക്കേണ്ട സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): 2018-19 വർഷം പാലക്കാട് ജില്ലയിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 4450 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 1057 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എൻ.എഫ്.എസ്.എം. പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 100 ശതമാനം കേന്ദ്ര വിഹിതമായ 312.28 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. 2015-16-ൽ കേന്ദ്ര-സംസ്ഥാന വിഹിതമടക്കം 125.85 ലക്ഷം രൂപ

അനുവദിക്കുകയും 101.50 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ 2016-17-ൽ കേന്ദ്ര സർക്കാർ തുക അനുവദിച്ചിരുന്നില്ല. മുൻവർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം 56.269 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 179.79 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും 3375 ലക്ഷം രൂപയുടെ അധിക ആക്ഷൻ പ്ലാനിനുള്ള കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നെൽകൃഷിക്കായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4,500 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മൈക്രോ ഇറിഗേഷൻ പദ്ധതിയിലെ കുടിശ്ശിക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. 2016-2018-ൽ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വാഴയുടെ വിളവിസ്തൃതി വ്യാപനത്തിനായി പാലക്കാട് ജില്ലയിൽ 42.5749 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലെ കുറഞ്ഞ സബ്സിഡി നിരക്ക് പുന:പരിശോധിച്ച് കർഷകർക്ക് അനുകൂലമായ നടപടി സ്വീകരിക്കാൻ നീതി ആയോഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനും കർഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കാനുമായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ കർഷകർക്കും

അർഹമായ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ജനകീയാസൂത്രണ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കാർഷികമേഖലയ്ക്കായി കൂടുതൽ തുക വകയിരുത്തണമെന്ന് കൃഷി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(6) റേഷൻ പെർമിറ്റ് പുതുക്കൽ

ശ്രീ. എൽദോ എബ്രഹാം: അനാഥ-അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് ലഭിച്ചുവന്നിരുന്ന റേഷൻ വിഹിതം പുന:സ്ഥാപിക്കാൻ പെർമിറ്റ് പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സപ്ലൈ ഓഫീസർമാർ വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി റേഷൻ വിതരണം ചെയ്തുവന്നിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിക്കുശേഷം ഈ സ്കീമിൽ കേന്ദ്ര വിഹിതം ലഭിക്കാതെ വന്നു. ടൈഡ് ഓവർ വിഹിതത്തിൽ അധിക സ്റ്റോക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ അതിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആവശ്യകതയുടെ അളവ് വർദ്ധിച്ചുവന്നതിനാൽ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. കേന്ദ്ര സർക്കാർ വെൽഫെയർ സ്കീം കൂടുതൽ വിപുലീകരിക്കുന്നതിന് പുതിയ സ്കീം നടപ്പാക്കാൻ

തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ റേഷൻ വിഹിതം പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീമിലേയ്ക്കുള്ള അലോട്ട്മെന്റ് ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള എല്ലാ പെർമിറ്റുകൾക്കും അർഹരായ കൂടുതൽ സ്ഥാപനങ്ങൾക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) മാലിന്യ സംസ്കരണ സംവിധാനം

ശ്രീ. വി. കെ. സി. മമ്മത് കോയ : കോഴിക്കോട് നഗരസഭയിൽ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനെതിരെ ഹരിത ട്രൈബ്യൂണൽ പുറപ്പെടുവിച്ച സ്റ്റേ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കോഴിക്കോട് നഗരസഭ നിർമ്മിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ഉത്തരവിടുകയുണ്ടായി. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പ്ലാന്റ് അനിവാര്യമാകയാൽ പ്ലാന്റിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിന് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിനോട് അപേക്ഷിക്കാൻ കളക്ടർ വിളിച്ചുചേർത്ത യോഗം തീരുമാനിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ്

ഇപ്പോൾ നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### (1) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2017-ലെ കേരള ജലസ്രോതസ് സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: 2017-ലെ കേരള ജലസ്രോതസ് സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കടുത്ത ശിക്ഷ നിഷ്കർഷിക്കുന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് മൂലനിയമം ഭേദഗതി ചെയ്യുന്നതിനുള്ള

ഔദ്യോഗികനിയമം സഭ പരിഗണിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. ബി. സത്യൻ</u>: പുഴകളും നദികളുമടക്കം സമൃദ്ധമായ ജലസ്രോതസ്സുകളുള്ള നാടാണ് കേരളമെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ നാം വലിയ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കഴിഞ്ഞ വർഷമുണ്ടായ കൊടിയ വരൾച്ചയിൽ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾപോലും വറ്റിവരളുന്ന സാഹചര്യമുണ്ടായി. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന കാര്യത്തിലടക്കം നിയമങ്ങളുണ്ടെങ്കിലും അവ കൃത്യമായി നടപ്പാക്കുന്നതിലുണ്ടാകുന്ന വീഴ്ചകൾ പരിശോധിക്കണം. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ നിലനിർത്തുന്ന കാര്യത്തിൽ നീതിപൂർവ്വമായ സമീപനം സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് ജലസ്രോതസ്സുകൾ നികത്തപ്പെടുന്നത് ഫലപ്രദമായി ചെറുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നദികളും പുഴകളും ജലനിർഗ്ഗമന മാർഗ്ഗങ്ങളും മലിനപ്പെടുന്നത് തടയാൻ സാധിക്കണം. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമായതിനാൽ അവശേഷിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പ്രത്യേകം നിയമമുണ്ടാക്കേണ്ടത് ആവശ്യമാണ്.

(ചർച്ച തുടരും)

(ii) 2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ.

(iii) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ.

(iv) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും, പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. എ. പ്രദീപ്കുമാർ: ഈ ബില്ലിന്റെ തുടർ ചർച്ചയ്ക്കാണ് അവസരം ചോദിച്ചത്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പോലെ കളിസ്ഥലങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രമായ നിയമം വേണമെന്നുള്ള ആശയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ഇപ്പോൾ വിശദമായി സംസാരിക്കുന്നില്ല. അതുകൊണ്ട് തുടർ ചർച്ചയ്ക്ക് അനുവാദം നൽകണം.

(ചർച്ച തുടരും)

(ii) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ.

ശ്രീ. പുരുഷൻ കടലുണ്ടി: പട്ടിക ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന

തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കാനുള്ള ഈ സർക്കാരിന്റെ ശ്രമങ്ങളെയും ആദിവാസി ഭാഷ മാത്രം അറിയാവുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഭാഷയിൽ കേരള സിലബസ് പഠിക്കാം എന്ന തീരുമാനത്തെയും അഭിനന്ദിക്കുന്നു. ആദിവാസി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുന്നു എന്നത് ആശ്വാസകരമാണ്. അക്ഷരം പഠിപ്പിക്കാൻ ഊരുകളിൽ നിന്ന് 350 ഇൻസ്ട്രക്ടർമാരെ കണ്ടെത്തിയതും റ്റി.റ്റി.സി. പാസ്സായവർക്ക് ജോലി നൽകുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. അദ്ധ്യാപകർ ആദിവാസി ഗോത്രവർഗ്ഗവിഭാഗത്തിൽപ്പെടുന്നവരായതിനാൽ അവരുടെ ഭാഷയുടെ വീണ്ടെടുക്കലും പഠനവും ഒരുമിച്ച് കൊണ്ടുപോകാൻ ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആദിവാസി ജനവിഭാഗങ്ങളുടെ തനതുഭാഷയും സംസ്കാരവും കലയും ആചാരാനുഷ്ഠാനങ്ങളും പഠനവിധേയമാക്കാനും പ്രാചീന വാമൊഴികൾ, ഭാഷകൾ, പ്രബന്ധങ്ങൾ എന്നിവ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കാനും സഹായകരമായ ഒരു നിയമനിർമ്മാണം അനിവാര്യമാണ്.

(ചർച്ച തടരും)

(iii) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ഇവിടെ അവതരിപ്പിച്ച ബില്ലും ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലും തമ്മിൽ വലിയ വ്യത്യാസമുള്ള സാഹചര്യത്തിൽ കൃഷികാർക്ക് അനുകൂലമായ രീതിയിൽ മാറ്റം വരുത്തണം. സേവനം ചെയ്യുന്ന

ആളുകളാണ് കർഷകരെന്നുള്ള കാര്യം അംഗീകരിച്ചുകൊണ്ടുള്ള ആനുകൂല്യങ്ങളാണ് നൽകേണ്ടത്. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് കിട്ടുന്ന ലാഭത്തിന്റെ ഒരു വിഹിതം കർഷകർക്ക് അവകാശപ്പെട്ടതാണെന്ന് ഉറപ്പാക്കിക്കൊണ്ടുള്ള ഒരു നിയമം കൊണ്ടുവരണം. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് കൃഷിക്കാർക്ക് അനുകൂലമായ നിലപാട് എടുക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർക്കാർ കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിന്റെ അന്തിമഘട്ടത്തിലെത്തിയിരിക്കുകയാണ്. ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമോ എന്ന കാര്യം ക്യാബിനറ്റാണ് തീരുമാനിക്കേണ്ടത്. ബില്ലിൽ വന്നിരിക്കുന്ന വകുപ്പുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിയമസഭയിലും സബ്ജക്ട് കമ്മിറ്റിയിലും ചർച്ച ചെയ്യുന്നതാണ്. ഇന്ത്യയിലാദ്യമായി ക്ഷേമ ബോർഡ് ബിൽ കൊണ്ടുവരുന്നത് കേരള സർക്കാരാണ്. അത്തരമൊരു സാഹചര്യത്തിൽ ബിൽ ചർച്ച ചെയ്യേണ്ടതില്ല എന്നാണ് സർക്കാർ നിലപാട്. ഈ സഭാസമ്മേളന കാലത്തുതന്നെ ബിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതുകൊണ്ട് തുടർ ചർച്ച ആവശ്യമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: തുടർ ചർച്ച ആവശ്യമാണ്.

(ചർച്ച തുടരും)

സഭ രാവിലെ 11.01-ന് പിരിഞ്ഞു.